**പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹയർ സെക്കൻഡറി വിഭാഗം) ജഗതി, തിരുവനന്തപുരം-695014.**
**(സാന്നിധ്യം ശ്രീ. ഉമേഷ് എൻ.എസ്.കെ, ഐ.എ.എസ്)**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് – ഹയർ സെക്കൻഡറി വിഭാഗം - ജീവനക്കാര്യം –സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ **ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) കമ്പ്യൂട്ടർ സയൻസ്** തസ്തികയിൽ 45600-95600/- രൂപ ശമ്പള സ്കെയിലിൽ എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ വിഭാഗത്തിൽ നിന്നുമുള്ള എൻ.ജെ.ഡി ഒഴിവുകളിലേക്ക് തസ്തികമാറ്റം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ഉത്തരവ് നമ്പർ. ADC6/251244/2022/DGE** **തീയതി :09-09-2025**

പരാമർശം:

1) 16/04/2001 തീയതിയിലെ ജി.ഒ (പി) 144/2001/പൊ.വി.വ നമ്പർ ഉത്തരവ്.
2) 01/12/2015 തീയതിയിലെ സ.ഉ.(കൈ) നം. 296/2015/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3) 26/08/2016 തീയതിയിലെ സ.ഉ. (പി) 144/2016/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
4) 30/01/2021 - തീയതിയിലെ സ.ഉ. (അച്ചടി) നം. 2/2021/പൊ.വി.വ നമ്പർ ഉത്തരവ്.
5) 10/08/2022 - തീയതിയിലെ എഡി ബി2/194881/2021/ഡി.ജി.ഇ നമ്പർ ഉത്തരവ്പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
6) 11/08/2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
7) 10/01/2023 തീയതിയിലെ എഡി ബി2/194881/2021/ഡി.ജി.ഇ നമ്പർ ഉത്തരവ്.

8) **22/02/2023** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

9) **01/07/2023** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

10) **26/05/2025** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) -ലെ കേരള ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ഓരോ വിഷയത്തിലേയും ഹയർ സെക്കൻഡറി ജൂനിയർ തസ്തികയുടെ 25% തസ്തികകൾ തസ്തികമാറ്റ നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്. പരാമർശം (2), (3), (4) സർക്കാർ ഉത്തരവുകൾ പ്രകാരം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്ക് മാറ്റി വച്ചിരുന്ന **01/01/2016** മുതൽ **28/12/2020** വരെയുള്ള തസ്തികമാറ്റ ഒഴിവുകളിലേക്ക് എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കൻഡറി വിഭാഗം) & ലാബ് അസിസ്റ്റന്റ് (ഹയർ സെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നും യോഗ്യരായവർക്ക് യഥാക്രമം 70:20:5:5 എന്ന അനുപാതത്തിൽ പരാമർശം (3) ഉത്തരവിലെ റൊട്ടേഷൻ ചാർട്ട് പ്രകാരം പരാമർശം (6) പ്രകാരം നിയമന ഉത്തരവ് നൽകിയിരുന്നു. അത് പ്രകാരം ഉണ്ടായ എൻ.ജെ.ഡി ഒഴിവുകൾ പരാമർശം (8),(9),(10) പ്രകാരം നികത്തിയിരുന്നു.

2. മേൽ സാഹചര്യത്തിൽ പരാമർശം (10) ഉത്തരവ് പ്രകാരം **എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ വിഭാഗത്തിൽ ഉണ്ടായിട്ടുള്ള എൻ.ജെ.ഡി ഒഴിവുകളിൽ** പരാമർശം (5), (7) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അധ്യാപകന്/അധ്യാപികയ്ക്ക് അവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്കൂളിലേക്ക് **എച്ച്.എസ്.എസ്.ടി ജൂനിയർ കമ്പ്യൂട്ടർ സയൻസ്** തസ്തികമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പേര്, ജനന തിയതി, പെൻ | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ/ഓഫീസ് | വിഭാഗം | നിയമനം നൽകുന്ന സ്കൂൾ |
|---|---|---|---|---|---|
| **2017 സീനിയോറിറ്റി ലിസ്റ്റ്** | | | | | |
| 1 | 22 | SHIJI P P<br>31/05/1976<br>PEN - 530628 | GOVT. HIGH SCHOOLK ALLARUTTY, IDUKKI (29047) | HSA | 14017 - GOVT HSS, UDUMA, KASARGODE |

3. നിയമനം ലഭിച്ച അധ്യാപകന്/അധ്യാപികയ്ക്ക് വിദ്യാഭ്യാസ യോഗ്യത (equivalence ഉൾപ്പെടെ) തെളിയ്ക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 7 ദിവസത്തിനകം നിയമനം ലഭിച്ചിട്ടുള്ള, ഓഫീസ് മേലധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവരുടെ നിയമനോത്തരവ് റദ്ദ് ചെയ്യുന്നതുമാണ്. **അടുത്ത പൊതുസ്ഥലംമാറ്റത്തിലോ/ അഡ്ജസ്റ്റ്മെന്റ് സ്ഥലംമാറ്റത്തിലോ/ കോടതി/സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ യോഗ്യരായ അധ്യാപകരെ ടി സ്കൂളിൽ നിയമിക്കുന്നപക്ഷം നിയമനം ലഭിച്ചിച്ചുള്ള ടി അധ്യാപികയെ/അധ്യാപകനെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്.** ബന്ധപ്പെട്ട പ്രിൻസിപ്പൽ/പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്ന അധ്യാപകർ ഇവരുടെ നിയമനം '**conditional status**' എന്ന് ഈ വകുപ്പിന്റെ വെബ് സൈറ്റായ **dhsetransfer.kerala.gov.in** ൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ടി. പേർക്ക് ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ, സ്കൂൾമാറ്റം എന്നിവ അനുവദിക്കുന്നതല്ല.

**<u>ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പാൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ</u>**

<u>**കർശനമായി പാലിക്കണ്ടേതാണ്.**</u>

- അധ്യാപകരെ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
- നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ ഉത്തരവ് പരിശോധിക്കേണ്ടതാണ്.
- അധ്യാപകരെ ജോലിയിൽ പ്രവേശിപ്പിച്ചതിനുശേഷം അതാത് വിഷയത്തിന്റെ ഇ-മെയിൽ ഐ.ഡി യിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, പ്രസ്തുത വിവരം വകുപ്പിന്റെ വെബ് സൈറ്റിൽ അതേ ദിവസം തന്നെ അപ്‌ലോഡ് ചെയ്യേണ്ടതും ആയതിന്റെ പ്രിന്റ് ഔട്ട് സാക്ഷ്യപ്പെടുത്തി ഒരാഴ്ചയ്ക്കകം ഹയർ സെക്കൻഡറി വിദ്യാഭ്യാസ വിഭാഗത്തിൽ അയച്ചു തരേണ്ടതുമാണ്.
- അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അധ്യാപകനെ/അധ്യാപികയെ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ഉടൻ തന്നെ **പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കൻഡറി വിഭാഗം, ജഗതി തിരുവനന്തപുരം** എന്ന വിലാസത്തിൽ രജിസ്ട്രേർഡ് തപാലിൽ ആമുഖ കത്ത് സഹിതം സമർപ്പിക്കേണ്ടതാണ്.
- ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞ ശേഷം യാതൊരു കാരണവശാലും അധ്യാപകനെ/അധ്യാപികയെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

**7.** എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് നിയമനം ലഭിച്ച അധ്യാപകനെ/അധ്യാപികയെ ടി. തസ്തികയിൽ തുടരാൻ യോഗ്യരല്ലായെന്ന് തുടർ പരിശോധനയിൽ ബോധ്യപ്പെടുന്നപക്ഷം മറ്റൊരറിയിപ്പ് കൂടാതെ ടി.അധ്യാപകനെ/അധ്യാപികയെ അവരുടെ പഴയ ലാവണത്തിലേക്ക് റിവേർട്ട്

ചെയ്യുന്നതാണ്.

8. സ്പെഷ്യൽ റൂൾസ് പ്രകാരം ബി.എഡ് യോഗ്യത **exemption** ഉള്ള അധ്യാപകർ സ്പെഷ്യൽ റൂൾസിലെ നിബന്ധനകൾക്ക് വിധേയമായി സമയബന്ധിതമായി ബി.എഡ് യോഗ്യത നേടേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :

1. വ്യക്തിക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പലിന്
3. കരുതൽ /അധികം

Signed by
Umesh N S K
Date: 09-09-2025 22:39:22